**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4555** **19-07-2022 - ൽ മറുപടിയ്ക്ക്**

**ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലസ്ത്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, ജലസംരക്ഷണ ബോധവൽക്കരണം എന്നീ മേഖലകളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തിന് ദേശീയ ജലപുരസ്കാരം ലഭിച്ചിരുന്നുവോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ ജല ശക്തി മന്ത്രാലയത്തിന്റെ മൂന്നാമത് ദേശീയ ജല പുരസ്കാരത്തിൽ 2020-2021ലെ പ്രവർത്തനങ്ങൾക്ക് ദക്ഷിണ മേഖലയിലെ മികച്ച ജില്ലയായി തിരുവനന്തപുരം ജില്ലയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ പാലക്കാട് ജില്ലയിലെ ഇലപ്പള്ളി ഗ്രാമപഞ്ചായത്ത് മൂന്നാമതായി തിരഞ്ഞെടുക്കപ്പെട്ടു. |
| (ബി) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പരിപാടി എത്രത്തോളം വിജയകരമാക്കാൻ സാധിച്ചുവെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് ജല അതോറിറ്റിയുടെ സ്രോതസ്സുകൾക്കു സമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും, സ്രോതസ്സുകളുടെ ഇൻടേക് / ഗ്യാലറി /കിണർ എന്നിവയിൽ അടിഞ്ഞു കൂടുന്ന ചെളിയും, മാലിന്യങ്ങളും കാലാകാലങ്ങളിൽ നീക്കം ചെയ്തും, കമ്പി വേലികൾ കെട്ടിയും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും, ജല സംരക്ഷണത്തിനായി പോസ്റ്ററുകൾ പതിപ്പിച്ചും, വൈദ്യുതി വിളക്കുകൾ സ്ഥാപിച്ചും, പായലുകൾ നീക്കം ചെയ്തും മലിനീകരണം തടഞ്ഞ് ഗുണനിലവാരം ഉറപ്പാക്കിയിട്ടുണ്ട്.<br><br>ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി നിലനിന്നിരുന്ന കാർഷിക വ്യവസ്ഥയും അനുബന്ധ തൊഴിലുകളായ കന്നുകാലി വളർത്തൽ, മത്സ്യകൃഷി തുടങ്ങിയവയിൽ വന്ന മാറ്റം, നഗരവൽകരണം എന്നിവ മൂലം ജലസ്രോതസ്സുകൾ ശുചിയാക്കി അധികകാലം കഴിയും മുമ്പേ അവ പൂർവ്വസ്ഥിതിയിലാകുന്നു. അതിനാൽ ജലസ്രോതസ്സുകളുടെ സുസ്ഥിരമായ പരിപാലനത്തിനായി പുനരുജ്ജീവന പ്രവൃത്തികൾ നിശ്ചിത ഇടവേളകളിൽ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | കാലാകാലങ്ങളായും 2018, 2019 വർഷങ്ങളിലെ പ്രളയാനന്തരവും ജല സ്രോതസ്സുകളുടെ അടിത്തട്ടിലും കരകളിലും എക്കൽ, മണ്ണ്, മണൽ, മറ്റ് പാഴ് വസ്തുക്കൾ എന്നിവ അടിഞ്ഞ് കൂടി ഒഴുക്ക് തടസ്സപ്പെട്ടിരുന്നു. ഇത് കണക്കിലെടുത്ത് കേരളത്തിലെ 44 നദികളുടെയും ചുമതല ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും, നദികളുടെ സ്ഥിതി വിവരിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, നദികളിൽ അടിഞ്ഞു കൂടിയ ചളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണ ത്തോടെയും ജലസേചന വകുപ്പിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ചും പ്രവൃത്തികൾ നടപ്പാക്കി വരുന്നു. പ്രസ്തുത പ്രവർത്തികളുടെ പുരോഗതി ദിവസേന വിലയിരുത്തി വരുന്നു.<br><br>സംസ്ഥാന ബജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി, സംഭരണശേഷി പുനസ്ഥാപിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്നതു വഴി ഭൂഗർഭ ജല സംഭരണം വർദ്ധിപ്പിക്കുന്നതിനും സാധ്യ മാകുന്നു. ഇത് കാട്ടാക്കട നിയോജക മണ്ഡലത്തിലെ "ജലസമൃദ്ധി" പദ്ധതിയിൽ വിലയിരുത്താൻ കഴിഞ്ഞിട്ടുള്ളതാണ്. ഇതിനുപുറമേ ജന പങ്കാളിത്തത്തോടുകൂടി സന്നദ്ധ പ്രവർത്തന സ്വഭാവത്തിലും ജലസ്രോതസ്സുകൾ പരിപാലിച്ചുവരുന്നു. ('ഇനി ഞാനൊഴുകട്ടെ' എന്ന പദ്ധതി ഇതിനുദാഹരണമാണ്).<br><br>ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി 2019 മെയ് മാസത്തിൽ തിരുവനന്തപുരത്ത് വച്ച് 3 ദിവസം നീണ്ടുനിന്ന ഒരു ജലസംഗമം സംഘടിപ്പിക്കുകയും അവിടെ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ ജനകീയ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവതരണങ്ങൾ നടത്തുകയുണ്ടായി. ദേശീയ തലത്തിലെ വിദഗ്ധർ പ്രസ്തുത സംഗമത്തിൽ പങ്കെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരമെന്ന് വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത സംഗമത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ഹരിത കേരളം മിഷൻ തുടർ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ജല സംരക്ഷണത്തിന് ഹരിത കേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ? | (സി) | കേരളം വേനൽക്കാലത്ത് നേരിടുന്ന ജലക്ഷാമം മുന്നിൽകണ്ട് തദ്ദേശ സ്വയംഭരണം, റവന്യൂ ആരോഗ്യം, കൃഷി എന്നീ വകുപ്പുകളുടെയും ജല വിഭവ |

വികസന വിനിയോഗ കേന്ദ്രം, ഹരിത കേരളം മിഷൻ എന്നിവയുടെ സഹകരണത്തോടെ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ കേരള വാട്ടർ അതോറിറ്റി, ജലസേചനവകുപ്പ്, ജലനിധി എന്നിവ സംയുക്തമായി നടപ്പിലാക്കിയ സംസ്ഥാന ബോധവൽക്കരണ പ്രചരണ പരിപാടിയായ "ജലം ജീവാമൃതം" പദ്ധതിയുടെ ഭാഗമായി ഇത്തരം സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

ജനസാന്ദ്രത കൂടിയ സംസ്ഥാന മായതിനാൽ ജലസ്രോതസ്സുകളിലുള്ള പലവിധ ഇടപെടലുകൾ കാരണം ജലഗുണ നിലവാരവും ജലസ്രോതസ്സുകളുടെ വിസ്തൃതിയിലും കുറവ് സംഭവിച്ചിട്ടുണ്ട്. ഇത് കണക്കിലെടുത്ത് ജലസ്രോതസ്സുകൾ സ്ഥായിയായി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയുള്ള സമീപനമാണ് ഹരിത കേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികളിൽ സ്വീകരിച്ചിട്ടുള്ളത്.

മണ്ണ് - ജല സംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ "നീർത്തടാടി സ്ഥാന"-ത്തിൽ ജലസ്രോതസ്സുകളുടെ പുന:സ്ഥാപനവും പരിപാലനവും നിർവ്വഹി ക്കുന്നതിനായി തദ്ദേശസ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിൽ “നീർത്തട പ്ലാനുകൾ” തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, വിവിധ വകുപ്പുകളുടേയും ഏകോപനത്തോടു കൂടി തയ്യാറാക്കിയിട്ടുള്ള നീർത്തടപ്ലാനിൽ റിഡ്ജ്- ടു- വാലി സമീപനത്തോടുകൂടി, സംരക്ഷണം ആവശ്യമായ ജലസ്രോതസ്സ കൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾ, തുടങ്ങിയവ മുഖേന ഇവ പുന:രുദ്ധരിക്കുന്നതിനോടൊപ്പം സംസ്ഥാന ബജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി, സംഭരണശേഷി പുനസ്ഥാപിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നതിനോടൊപ്പം നദികളിലേക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളിൽ (തോടുകളിൽ) പഠന ത്തിന്റെ അടിസ്ഥാനത്തിൽ ചെറു തടയണകൾ/ വെന്റഡ് ക്രോസ് ബാറുകൾ നിർമ്മിച്ച് നീരൊഴുക്ക് സ്ഥായിയാക്കി ഭൂജലപോഷണവും സാധ്യമാക്കുന്നു.

ഹരിതകേരളം മിഷന്റെ ഭാഗമായി ജലസംരക്ഷണത്തിന് വിവിധ വകുപ്പുകളുടേയും

| | | | |
|---|---|---|---|
| | | | ഏജൻസികളുടേയും സഹായ ത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാന ത്തൊട്ടാകെ 412 കി.മീ. നദികളും 45736 കി.മീ. തോടുകളും 26259 കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. കൂടാതെ 20990 കുളങ്ങൾ പുതുതായി നിർമ്മിക്കുകയും 64950 കിണറുകളിൽ മഴവെള്ള റീചാർജ്ജിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 26568 കിണറുകൾ നിർമ്മിക്കുകയും 13968 കിണറുകൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ജലസംരക്ഷണത്തിന് ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാക്കട നിയോജകമണ്ഡലത്തിലെ 41 പൊതു സ്ഥാപനങ്ങളിൽ തുറന്ന കിണർ റീചാർജ്ജ് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മാണിക്കൽ ഗ്രാമ പഞ്ചായത്തിൽ ഹരിതകേരളം മിഷന്റേയും ഗ്രാമ പഞ്ചായത്തിന്റേയും നേതൃത്വത്തിൽ ആരംഭിച്ച 'പുഴയൊഴുകും മാണിക്കൽ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഭൂജലസംപോഷണ പദ്ധതികൾ നടപ്പിലാ ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ